15 -ാം കേരള നിയമസഭ

7 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1167 — 07-12-2022 - ൽ മറുപടിയ്ക്ക്

## ജലജീവൻ മിഷൻ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജലജീവൻ മിഷൻ പ്രവർത്തനങ്ങളുടെ ആദ്യഘട്ടം പൂർത്തിയാക്കിയിട്ടുണ്ടോ; പദ്ധതിയുടെ ഇതുവരെയുള്ള പ്രവർത്തന പുരോഗതി വെളിപ്പെടുത്തുമോ; | (എ) | എല്ലാ ഗ്രാമീണ കുടുംബങ്ങൾക്കും ടാപ്പിലൂടെ കുടിവെള്ളം എത്തിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതിയാണ് ജല ജീവൻ മിഷൻ. സംസ്ഥാനത്ത് ജലജീവൻ മിഷൻ പദ്ധതിയുടെ നിർവ്വഹണത്തിനായി കേരള ജല അതോറിറ്റി, കെ.ആർ.ഡബ്ല്യൂ.എസ്സ്.എ, ഭൂജല വകുപ്പ് എന്നീ വകുപ്പുകളെയാണ് നിർവ്വഹണ ഏജൻസികളായി സർക്കാർ നിശ്ചയിച്ചിരിക്കുന്നത്. നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നത് കേരള ജല അതോറിറ്റിയാണ്. സംസ്ഥാനത്തു ആകെ ഉള്ള 70.69 ലക്ഷം ഗ്രാമീണ വീടുകളിൽ 17.50 ലക്ഷം വീടുകൾക്ക് ജല ജീവൻ മിഷൻ പദ്ധതി ആരംഭിക്കുന്നതിനു മുൻപേ തന്നെ കണക്ഷൻ ഉള്ളതാണ്. ബാക്കിയുള്ള വീടുകൾക്ക് കുടിവെള്ള കണക്ഷൻ നൽകുന്നതിനായി ജല ജീവൻ മിഷൻ മുഖേന 53,34,736 കുടിവെള്ള കണക്ഷനുകൾക്കായി 40203.61 കോടി രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിലൂടെ ഇതുവരെ 14,43,843 അധിക കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്. ടി പദ്ധതി 2024 ഓട് കൂടി പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |
| (ബി) | അമ്പലപ്പുഴ നിയോജക മണ്ഡലത്തിലെ ജലജീവൻ മിഷൻ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കുമോ; ഓരോ പഞ്ചായത്തിലും നിലവിൽ പൂർത്തീകരിച്ചവയുടെയും ഇനി നിർമ്മാണം ആരംഭിക്കാനിരിക്കുന്ന പദ്ധതിയുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ബി) | അമ്പലപ്പുഴ നിയോജക മണ്ഡലത്തിലെ ജല ജീവൻ മിഷൻ പ്രവൃത്തികളുടെ വിശദാംശം പഞ്ചായത്ത് തിരിച്ച് അനുബന്ധമായി ചേർക്കുന്നു.<br><br>**പുറക്കാട് ഗ്രാമ പഞ്ചായത്തിൽ** ജൽ ജീവൻ മിഷൻ- പൈപ്പ് ലൈൻ ദീർഘിപ്പിച്ചും നിലവിലുള്ള പൈപ്പ് ലൈനിൽ നിന്നും കുടിവെള്ള കണക്ഷനുകൾ നൽകുന്ന പ്രവൃത്തി - 3622 എണ്ണം . കുടിവെള്ള കണക്ഷൻ നൽകി പ്രവൃത്തി പൂർത്തീകരിച്ചു. പുറക്കാട് പഞ്ചായത്തിൽ ഒരു ഉന്നതതല ജലസംഭരണി നിർമ്മിക്കുന്നതിനാവശ്യമായ 15 സെൻറ് സ്ഥലം പായൽകുളങ്ങരയിൽ ഗ്രാമപഞ്ചയത്ത് |

| | | | |
|---|---|---|---|
| | | | ലഭ്യമാക്കിയാലുടൻ പ്രവൃത്തി കരാർ നൽകി ആരംഭിക്കാവുന്നതാണ്.<br><br>**അമ്പലപ്പുഴ നോർത്ത് ഗ്രാമ പഞ്ചായത്തിൽ** ജൽ ജീവൻ മിഷൻ-പൈപ്പ് ലൈൻ ദീർഘിപ്പിച്ചും നിലവിലുള്ള പൈപ്പ് ലൈനിൽ നിന്നും കുടിവെള്ള കണക്ഷനുകൾ നൽകുന്ന ആദ്യഘട്ട പ്രവൃത്തി പ്രകാരം 3311 എണ്ണം കുടിവെള്ള കണക്ഷനുകൾ നൽകുന്ന പ്രവൃത്തി പൂർത്തീകരിച്ചു. ഉന്നതതല ജലസംഭരണി, ശേഷിക്കുന്ന കുടിവെള്ള കണക്ഷനുകളിൽ 823 കണക്ഷനുകൾ പൂർത്തീകരിച്ചു. വിതരണ ശൃംഖല എന്നിവ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ പുരോഗമിക്കുന്നു.<br>**അമ്പലപ്പുഴ സൗത്ത് ഗ്രാമ പഞ്ചായത്തിൽ** ജൽ ജീവൻ മിഷൻ-പൈപ്പ് ലൈൻ ദീർഘിപ്പിച്ചും നിലവിലുള്ള പൈപ്പ് ലൈനിൽ നിന്നും കുടിവെള്ള കണക്ഷനുകൾ നൽകുന്ന പ്രവൃത്തിയിൽ 2544 എണ്ണം കുടിവെള്ള കണക്ഷനുകൾ നൽകി പ്രവൃത്തി പൂർത്തീകരിച്ചു. ഉന്നതതല ജലസംഭരണി നിർമ്മിക്കുവാൻ ആവശ്യമായ 15 സെന്റ് സ്ഥലം അമ്പലപ്പുഴ പോലീസ് ക്വാർട്ടേഴ്സിന് സമീപം കൈമാറിയിട്ടുണ്ട്. മണ്ണ് പരിശോധനയും അനുബന്ധ പ്രവൃത്തികളും നടന്നു വരുന്നു. വിതരണശൃഖലയുമായി ബന്ധപ്പെട്ടുള്ള സർവ്വേ വർക്കുകൾ നടന്നു വരുന്നു.<br><br>**പുന്നപ്ര സൗത്ത് ഗ്രാമ പഞ്ചായത്തിൽ** ജൽ - ജീവൻ മിഷൻ - പൈപ്പ് ലൈൻ ദീർഘിപ്പിച്ചും നിലവിലുള്ള പൈപ്പ് ലൈനിൽ നിന്നും കുടിവെള്ള കണക്ഷനുകൾ നൽകുന്ന പ്രവൃത്തിയിൽ 2751 എണ്ണം കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്. ഉന്നതതല ജലസംഭരണി നിർമ്മിക്കുന്നതിനാവശ്യമായ 15 സെൻറ് സ്ഥലം വിയാനി പള്ളിക്ക് സമീപം പഞ്ചായത്ത് ഏറ്റെടുത്ത് നൽകുന്ന മുറയ്ക്ക് രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി അഗ്മെന്റേഷൻ പ്രവൃത്തികൾക്കായി മണ്ണ് പരിശോധന നടത്തി സാങ്കേതികാനുമതി നൽകി കരാർ നൽകി പ്രവൃത്തി ആരംഭിക്കാവുന്നതാണ്.<br><br>**പുന്നപ്ര നോർത്ത് ഗ്രാമ പഞ്ചായത്തിൽ** ആദ്യഘട്ടമായി 1970 കണക്ഷനുകളും, രണ്ടാം ഘട്ടമായി 1307 കണക്ഷനുകളും ആകെ 3277 കണക്ഷനുകളാണ് വിഭാവനം ചെയ്തത്. ഇതിൽ 2072 കണക്ഷനുകൾ നൽകിക്കഴിഞ്ഞു.<br>ബാക്കിയുള്ളവയുടെ പ്രവൃത്തികൾ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നമ്പർ | പഞ്ചായത്ത് | ആകെ വീടുകളുടെ എണ്ണം | ഇപ്പോൾ നിലവിലുള്ള കണക്ഷനുകളുടെ എണ്ണം (3/12/2022 ലെ കണക്കനുസരിച്ച്) | ഭരണാനുമതി നല്കിയ കണക്ഷനുകളുടെ എണ്ണം | ഭരണാനുമതി തുക | ജല ജീവൻ മിഷനിൽ നൽകിയ കണക്ഷനുകളുടെ എണ്ണം (03.12.2022 വരെ) |
|---|---|---|---|---|---|---|
| 1 | അമ്പലപ്പുഴ നോർത്ത് | 8684 | 8671 | 10547 | 2476.98 | 4134 |
| 2 | അമ്പലപ്പുഴ സൗത്ത് | 6847 | 5935 | 8673 | 1255.60 | 2544 |
| 3 | പുന്നപ്ര നോർത്ത് | 9007 | 7809 | 3277 | 726.39 | 2072 |
| 4 | പുന്നപ്ര സൗത്ത് | 8829 | 7856 | 3736 | 844.58 | 2751 |
| 5 | പുറക്കാട് | 9083 | 7595 | 4905 | 1273.20 | 3622 |
| | **ആകെ** | **42450** | **37866** | **31138** | **6576.75** | **15123** |